# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T741** **11.07.2016-ൽ മറുപടിക്ക്**

**പുതിയകാവ് ജംഗ്ഷനിലെ അപകടങ്ങൾ**

ചോദ്യം

**ശ്രീ.ആർ. രാമചന്ദ്രൻ**

(എ) ദേശീയപാതയിൽ കരുനാഗപ്പള്ളിക്ക് വടക്ക് പുതിയകാവ് ജംഗ്ഷനിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നടന്ന അപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; ഗുരുതരമായി പരിക്കേറ്റവർ എത്രയെന്നും മരണമടഞ്ഞവർ എത്രയെന്നും വിശദമാക്കാമോ;

(ബി) മൂന്ന് റോഡുകൾ ചേരുന്ന ഈ ജംഗ്ഷനിൽ ട്രാഫിക് ലൈറ്റുകളില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് അപകടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി

ശ്രീ. ജി. സുധാകരൻ
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കരുനാഗപ്പള്ളിക്ക് വടക്ക് പുതിയകാവ് ജംഗ്ഷനിൽ നടന്ന അപകടങ്ങളുടെ എണ്ണം, പരിക്കേറ്റവരുടേയും മരണപ്പെട്ടവരുടേയും എണ്ണം എന്നിവ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| വർഷം | അപകടങ്ങളുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|---|
| 2011 | 6 | 6 | 1 |
| 2012 | 5 | 6 | ഇല്ല |
| 2013 | 9 | 9 | 1 |
| 2014 | 6 | 8 | ഇല്ല |
| 2015 | 12 | 14 | 2 |

(ബി) ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന വിഷയം സാധാരണ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടതല്ല. ഇതിനായി പ്രത്യേക സർക്കാർ സംവിധാനം ഉണ്ട്. അവരോട് ആവശ്യപ്പെടാവുന്നതാണ്.

(സി) ബാധകമല്ല.

സെക്ഷൻ ഓഫീസർ